I/123373/2023

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471-2322885

തീയതി:09-03-2023

LR/2456/2023-LR(E7)

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(ഹാജർ :ANUPAMA T V IAS)

വിഷയം:- ജീവനക്കാര്യം- ശ്രീമതി. ഷൈജ.പി.എം. (വിഒ/എച്ച്സി/ആർഐ) - സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. പാലക്കാട് ജില്ലാ കളക്ടറുടെ 28/02/2023 ലെ DCPKD/8/2023-S3 നമ്പർ കത്ത്.

2. ശ്രീമതി. ഷൈജ.പി.എം ന്റെ 21/02/2023 ലെ അപേക്ഷ

3. ഈ കാര്യാലയത്തിൽ നിന്നുള്ള 24/01/2023 ലെ LR /471/2023- LR (E7) നമ്പർ നടപടിക്രമം

4. സ.ഉ. (പി) 03/2017/ഉഭപവ, തീയതി 25/02/2017

5. എറണാകുളം ജില്ലാ കളക്ടറുടെ 02/03/2023 ലെ DCEKM/06/2023 E1 നമ്പർ കത്ത്.

എറണാകുളം റവന്യൂ എസ്റ്റാബ്ളിഷ്മെന്റിൽ നിന്നും പരാമർശം (3) വിഒ/എച്ച്സി/ആർ തസ്തികയിലെക്കുള്ള സ്ഥാനക്കയറ്റ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് പാലക്കാട് ജില്ലയിൽ നിയമിച്ചിട്ടുള്ളതും നിലവിൽ സ്പെഷ്യൽ തഹസിൽദാർ കാര്യാലയം എൽ എ എൻ എച്ച് നമ്പർ 3 യിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ ജോലി നോക്കുന്നതുമായ ശ്രീമതി. ഷൈജ.പി.എം. (പെൻ 104861), താൻ 30/04/2023 ൽ സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ സ്വന്തം ജില്ലയായ എറണാകുളത്തേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം ജില്ലാ കളക്ടർ പാലക്കാട് അയച്ചു തന്നിട്ടുണ്ട്. നിലവിൽ എറണാകുളം ജില്ലയിൽ കുന്നത്ത്നാട് സ്റ്റേഷനിൽ വിഒ/എച്ച്സി/ആർഐ തസ്തികയിൽ ഒരൊഴിവ് ഉള്ളതായി പരാമർശം (5) പ്രകാരം എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി. ഷൈജ.പി.എം ന്റെ അപേക്ഷ പരിഗണിച്ച് പാലക്കാട് ജില്ലയിൽ നിന്നും എറണാകുളം ജില്ലയിൽ കുന്നത്ത്നാട് സ്റ്റേഷനിൽ വിഒ/എച്ച്സി/ആർഐ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് ശ്രീമതി. ഷൈജ.പി.എം (പെൻ 104861) നെ സ്ഥലംമാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പാലക്കാട് ജില്ലാ കളക്ടർ ഉടൻ പ്രബല്യത്തിൽ ടിയാരിയെ വിടുതൽ ചെയ്യേണ്ടതും, എറണാകുളം ജില്ലാ കളക്ടർ നിയമനം നൽകി വിവരം ഈ കാര്യാലയത്തെ അറിയിക്കേണ്ടതുമാണ്.

I/123373/2023

ANUPAMA T V IAS, COMMISSIONER CLR, O/o Commissioner CLR

ശ്രീമതി. ഷൈജ.പി.എം. (പാലക്കാട് ജില്ലാ കളക്ടർ മുഖേന)

പകർപ്പ് :- 1. ജില്ലാ കളക്ടർ, പാലക്കാട്.

2. ജില്ലാ കളക്ടർ, എറണാകുളം

3. അസിസ്റ്റന്റ് കമ്മീഷണർ (ആർഇ)/(സീനിയോരിറ്റി സെൽ)

4. നോഡൽ ആഫീസർ , സ്റ്റേറ്റ് ഐ.ടി. സെൽ ( ബന്ധപ്പെട്ട സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്. )

5.കമ്മീഷണർ/ ജോയിന്റ് കമ്മീഷണർ സി.എ. മാർ

6. അധിക/ കരുതൽ ഫയൽ

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

Signed by Anupama T V Ias
Date: 09-03-2023 16:34:42